പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1124 — 30.01.2018-ൽ മറുപടിക്ക്

## വയനാട് ചുരം റോഡിന്റെ അറ്റകുറ്റപ്പണികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി. കെ. ശശീന്ദ്രൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) വയനാട് ചുരം റോഡിലെ വളവുകൾ തകർന്നതിനെത്തുടർന്ന് വാഹനങ്ങൾ ചുരത്തിൽ കുടുങ്ങുകയും അത് രൂക്ഷമായ ഗതാഗതക്കുരുക്കിന് കാരണമാകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾക്ക് ടെണ്ടർ വിളിച്ചിട്ടും ടെണ്ടർ എടുക്കാൻ കരാറുകാർ തയ്യാറാകാതിരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) അടിയന്തര സാഹചര്യങ്ങളിൽ കരാറുകാരെ ആശ്രയിക്കാതെ സമയബന്ധിതമായി റോഡ് അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള മരാമത്ത് ജോലികൾ നിർവ്വഹിക്കുന്നതിനായി ബദൽ സംവിധാനം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) അടിയന്തിര സാഹചര്യത്തിൽ കരാറുകാരെ ആശ്രയിക്കാതെ സമയബന്ധിതമായി റോഡ് അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാനായി സെക്ഷൻ ഓഫീസർമാർക്ക് ഇംപ്രസ്റ്റ് നൽകണമെന്നുള്ള നിർദ്ദേശം ജില്ലാ കളക്ടറും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും 03.01.2018-ന് പങ്കെടുത്ത ചുരം അവലോകന യോഗത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ സാഹചര്യത്തിൽ നേരിട്ട് പ്രവൃത്തി നടത്തുന്ന കാര്യവും പരിഗണിക്കണമെന്ന് നിർദ്ദേശിച്ചു. ഇക്കാര്യം പരിശോധിക്കുന്നതാണ്. |

S. Bindu

സെക്ഷൻ ഓഫീസർ